"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ്—കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ഉല്പാദിപ്പിക്കുന്ന ഖാദി മാർക്ക് ലേബൽ പതിപ്പിച്ച ഖാദി തുണിത്തരങ്ങൾ വിവിധ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടെണ്ടർ നടപടി കൂടാതെ വിതരണം നടത്തുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് നൽകി—ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്

**സ. ഉ. (സാധാ) നമ്പർ 60/2022/SPD** തിരുവനന്തപുരം, തീയതി 2022 ഒക്ടോബർ 1.

---

പരാമർശം:— 1-7-2019, 26-10-2019, 10-8-2022 എന്നീ തീയതികളിലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ K.B.9809/16/kl നമ്പർ കത്തുകൾ.

ഉത്തരവ്

സംസ്ഥാനത്ത് ഖാദിയുടെ പ്രചരണാർത്ഥം ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും മറ്റ് സർക്കാർ ഓഫീസുകളിലും ഖാദിതുണിത്തരങ്ങൾ ടെണ്ടർ നടപടിക്രമങ്ങൾ ഇല്ലാതെ വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി പരാമർശപ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഉൽപാദന കേന്ദ്രങ്ങളിൽ ഉല്പാദിപ്പിക്കുന്നതും, കേന്ദ്ര സർക്കാരിന്റെ ഖാദി മാർക്ക് ലേബൽ പതിപ്പിച്ചതുമായ ഖാദി തുണിത്തരങ്ങൾ, ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ നിശ്ചയിക്കുന്ന കോസ്റ്റ്

ചാർട്ട് പ്രകാരമുള്ള വിലയിൽ കൂടാതെ, വിവിധ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടി കൂടാതെ വിതരണം നടത്തുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് വരുത്തി, ഈ സർക്കാർ ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തേയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ആവശ്യമായ തുണിത്തരങ്ങളുടെ വിവരം അറിയിക്കുന്നതനുസരിച്ച് ബോർഡ് നേരിട്ടും, ഖാദി സ്ഥാപനങ്ങൾ മുഖേനയും വിതരണം ചെയ്യേണ്ടതാകുന്നു. അഖിലേന്ത്യ ഖാദി ഗ്രാമവ്യവസായ കമ്മീഷൻ സർട്ടിഫൈ ചെയ്തിട്ടില്ലാത്തതും, കേന്ദ്ര സർക്കാരിന്റെ ഖാദി മാർക്ക് നിയമ പ്രകാരം ഖാദി മാർക്ക് ലേബൽ പതിപ്പിച്ചിട്ടില്ലാത്തതുമായ തുണിത്തരങ്ങൾ സ്റ്റോർസ് പർച്ചേസ് മാന്വലിലെ മാനദണ്ഡങ്ങൾ പ്രകാരം ടെണ്ടർ നടപടി ക്രമങ്ങൾ പാലിച്ച് മാത്രമേ വിതരണം/സംഭരണം നടത്തുവാൻ പാടുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ഗീതാലക്ഷ്മി എം. ബി.**
*അഡീഷണൽ സെക്രട്ടറി.*

<u>പകർപ്പ്</u> :—

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം)

എല്ലാ വകുപ്പ് തലവൻമാർ/ഓഫീസുകൾ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയ്ക്ക്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളേയും അറിയിക്കുന്നതിന്)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമ പഞ്ചായത്തുകളേയും വിവരം അറിയിക്കുന്നതിന്)

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/എറണാകുളം/ കോഴിക്കോട്.

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, വഞ്ചിയൂർ, തിരുവനന്തപുരം.

വ്യവസായ (കെ) വകുപ്പ് (IND-K1/240/2019-IND നമ്പർ ഫയൽ പ്രകാരം)

സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം. (സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
(സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ ചേർക്കുന്നതിന്)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.